HON'BLE MR. E. K. MADHAVAN : (a&b) Representations have been received from the public of Munambom regarding this.

(c) The matter is under consideration.

MR. P. M. VARGHESE : മുനമ്പം താമസിക്കുന്നവർക്ക് ഏറ്റവും അടുത്ത ആശുപത്രി ഏതാണ്?

HON'BLE MR. E. K. MADHAVAN : അവിടെ മുത്തകുന്നത്തുള്ള ആശുപത്രി ആണ്.

MR. P. M. VARGHESE : മുനമ്പത്തുനിന്നും മുത്തകുന്നത്തേക്ക് എത്ര ദൂരമുണ്ടെന്നറിയാമോ?

HON'BLE MR. E. K. MADHAVAN : ഒന്നരമൈലിൽ കൂടുതൽ ദൂരമില്ല.

MR. P. M. VARGHESE : ആ ടി. ബി. ആശുപത്രിയിൽ പോകുന്നതിന് രോഗികൾക്ക് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നില്ലയോ?

MR. A. CHIDAMBARANATHA NADAR : முனம்பத்தில் ஒரு T. B. hospital இருக்க, தென் திருவாங்கூரில் என்ன ஒரு டி. பி. ஆஸ்பத்திரி வேண்டும்?

HON'BLE MR. E. K. MADHAVAN : മുനമ്പം ആശുപത്രി എന്നു പറയുന്നത് അവിടത്തെ ടി. ബി. യിൽ നടത്തിക്കൊണ്ടിരിക്കുന്ന ആശുപത്രിയാണ്. അതല്ലാതെ അതൊരു ക്ഷയരോഗാശുപത്രിയല്ല.

MR. VARGHESE AUGASTIN (*Ambalapuzha II—General*) : മുനമ്പത്തുനിന്നും മുത്തകുന്നത്തേക്കു പോകുന്നതു് രോഗികളെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നറിയാമോ?

HON'BLE MR. E. K. MADHAVAN : വളരെ ബുദ്ധിമുട്ടൊന്നും ഞാൻ നോക്കിയിട്ടു കാണുന്നില്ല. ഒരു കടത്തു കടക്കേണ്ട ആവശ്യമേയുള്ളൂ.

ഗവണ്മെൻറിൽനിന്നും സ്ഥലംതിരിച്ചുകൊടുക്കുന്ന നയം.

*643. MR. KALATHIL VELAYUDHAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സഭയിൽ മറുപടി പറയുമോ?

(എ) നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം ഏർപ്പെടുത്തിയ താലൂക്കുകളിൽ ഗവണ്മെൻറിനു വിട്ടുകൊടുത്തിട്ടുള്ള വിദ്യാലയങ്ങൾ തിരിച്ചു കിട്ടണമെന്നു് ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ?

(ബി) അങ്ങനെ തിരിച്ചുകൊടുക്കുന്നതിനു ഗവണ്മെൻറു് തീരുമാനിച്ചിട്ടുണ്ടോ?

HON'BLE MR. N. KUNJURAM. N : (a) No.

(b) This does not arise in view to part (a)'s answer.

LIBRARY ARCHIVES Kerala Legislative Assembly